**കേരള സർക്കാർ**

**ധനകാര്യ (എസ് എഫ്. സി-ബി) വകുപ്പ്**

സർക്കുലർ നമ്പർ: 04/2020/ധന തീയതി, തിരുവനന്തപുരം,16.01.2020

## സർക്കുലർ

വിഷയം:- സാമൂഹ്യ സുരക്ഷാ പെൻഷൻ - പ്രായം തെളിയിക്കുന്നതിന് ഡോക്ടർ സർട്ടിഫിക്കറ്റ് നൽകുന്നതും പുനർവിവാഹം ചെയ്തവരേയും മരണപ്പെട്ടവരേയും ഒഴിവാക്കുന്നത് സംബന്ധിച്ചും പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. 26.07.2018 തീയതിയിലെ 69/2018/ധന നമ്പർ സർക്കുലർ.

2. 20.02.2018 തീയതിയിലെ യു.ഐ.എ.ഐ. യുടെ F.No. 4 (4)/57/186/2016/E&U-pt-II നമ്പർ ഓഫീസ് മെമ്മോറാണ്ടം.

പുതിയതായി സാമൂഹ്യ സുരക്ഷാ പെൻഷന് അപേക്ഷിക്കുന്ന ഒരു വ്യക്തി തന്റെ വയസ്സ് തെളിയിക്കുന്നതിന്, മറ്റ് രേഖകൾ ഇല്ലായെന്ന് കാണിച്ച്, ഡോക്ടറുടെ സർട്ടിഫിക്കറ്റ് നൽകുന്ന രീതി നിർത്തലാക്കി കൊണ്ടും ഇത്തരത്തിൽ പ്രായം തെളിയിക്കുന്നതിന് സമർപ്പിക്കുന്ന ഡോക്ടർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കാൻ പാടില്ല എന്നും സ്കൂൾ സർട്ടിഫിക്കറ്റ് അടക്കമുള്ള മറ്റ് രേഖകളുടെ അഭാവത്തിൽ വയസ്സ് തെളിയിക്കുന്നതിന് ആധാർ ഉപയോഗിക്കാവുന്നതാണ് എന്നും വ്യക്തമാക്കി സൂചനയിലെ സർക്കുലർ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇത്തരത്തിൽ വയസ്സ് തെളിയിക്കുന്നതിന് ആധാർ ഉപയോഗിക്കാവുന്നതാണെന്ന് ഉത്തരവായ പരാമർശം സർക്കുലറിലെ ഖണ്ഡിക (2) ഒഴിവാക്കി ഉത്തരവാകുന്നു.

പരാമർശത്തിലെ സർക്കുലർ ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്. എസ്. എ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
5. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്).
6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്).
7. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും(നഗരകാര്യ ഡയറക്ടർ മുഖേന).
9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
11. നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
12. ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E 895239)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ